**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4201** **28-10-2021 - ൽ മറുപടിയ്ക്ക്**

**അഭിഭാഷകരുടെ എൻറോൾമെന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ബാംഗ്ലൂരിലെ ഈവനിംഗ് കോളേജുകളിൽ നിന്ന് എൽ.എൽ.ബി. പാസായി കഴിഞ്ഞ അഞ്ച് വർഷത്തിൽ എത്ര പേർ അഭിഭാഷകരായി സംസ്ഥാനത്ത് എൻറോൾ ചെയ്തിട്ടുണ്ട്; ഇവരിൽ പലർക്കും മിനിമം യോഗ്യത മാർക്ക് പോലും ഉണ്ടായിരുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കഴിഞ്ഞ 5 വർഷക്കാലയളവിൽ 9421 പേർ അഭിഭാഷകരായി കേരള ബാർ കൗൺസിലിൽ എൺറോൾ ചെയ്തിട്ടുണ്ടെങ്കിലും അതിൽ എത്ര പേർ ബാംഗ്ലൂർ ഇവനിംഗ് കോളേജുകളിൽ നിന്ന് പാസായിട്ടുണ്ടെന്ന വിവരം പ്രത്യേകമായി സൂക്ഷിച്ചിട്ടില്ല; ശ്രദ്ധയിൽപ്പെട്ടിട്ടില്ലായെന്ന് കേരള ബാർ കൗൺസിൽ അറിയിച്ചിട്ടുണ്ട്. |
| (ബി) | 2017, 2018, 2019 എന്നീ വർഷങ്ങളിൽ എൻറോൾ ചെയ്ത അവരിൽ പലരും ക്രിമിനൽ കേസ് പ്രതികൾ ആണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ക്രിമിനൽ കേസ് പ്രതികളായ കാര്യം മറച്ചുവെച്ചതായി പരാതി ലഭിച്ചിട്ടുണ്ടോ; | (ബി) | 2017, 2018, 2019 കാലയളവിൽ അയോഗ്യരായ ആരേയും എൻറോൾ ചെയ്യാൻ അനുവദിച്ചിട്ടില്ല. എൻറോൾമെന്റ് സർട്ടിഫിക്കറ്റ് നൽകുന്നതിന് മുമ്പ് ക്രിമിനൽ പശ്ചാത്തലം, രേഖകളുടെ ആധികാരികത എന്നിവ പരിശോധിച്ച് ഉറപ്പ് വരുത്താറുണ്ട്. |
| (സി) | പ്രസ്തുത വർഷങ്ങളിൽ പ്രൊഫഷണൽ എത്തിക്സിന് എതിരായി പ്രവർത്തിച്ചു എന്ന നിലയിലുള്ള എത്ര പരാതികൾ കേരള ബാർ കൗൺസിലിന് ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര പരാതികളിൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഇനി എത്ര പരാതികൾ നടപടി സ്വീകരിക്കാൻ ഉണ്ടെന്നും വ്യക്തമാക്കുമോ? | (സി) | പ്രൊഫഷണൽ മിസ് കൺടക്ടുമായി ബന്ധപ്പെട്ട പരാതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| വർഷം | ലഭിച്ച പരാതികൾ | തള്ളിയ പരാതികൾ | ഡിസിപ്ലിനറി കമ്മിറ്റിയ്ക്ക് കൈമാറിയ പരാതികൾ | നടപടി സ്വീകരിക്കാനുള്ള പരാതികൾ |
|---|---|---|---|---|
| 2017 | 138 | 105 | 20 | 13 |
| 2018 | 111 | 48 | 20 | 43 |
| 2019 | 167 | 17 | 3 | 147 |

സെക്ഷൻ ഓഫീസർ